**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3592

20-06-2019 ൽ മറുപടിയ്ക്ക്

# ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ ഡ്രൈവർ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ ആംബുലൻസ് ഉൾപ്പെടെ മൂന്നിൽ കൂടുതൽ വാഹനങ്ങൾക്ക് ഒരു ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്ററെ നിയോഗിക്കുന്നത് പ്രായോഗികമാണോ; വിശദമാക്കുമോ; | എ) | ചില പ്രത്യേക സാഹചര്യങ്ങളിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർമാരുടെ കുറവ് അനുഭവപ്പെടുന്ന നിലയങ്ങളിൽ മുൻകാലങ്ങളിലെപ്പോലെ അപൂർവ്വമായി മാത്രം ഒന്നിൽ കൂടുതൽ വാഹനങ്ങളുടെ ചുമതല ഒരാൾക്ക് നൽകാറുണ്ട്. |
| ബി) പോലീസ് സേനയിൽ (പിങ്ക് പോലീസ് ഉൾപ്പെടെ) ഡ്രൈവിംഗ് ലൈസൻസ് എടുത്ത് നൽകിയ സിവിൽ പോലീസ് ഓഫീസർമാർ സേനയിലെ ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതുപോലെ ഫയർ ആന്റ് റസ്ക്യൂ സർവ്വീസിലും ലൈസൻസ് എടുത്തു നൽകിയ ഫയർമാൻ വിഭാഗം ജീവനക്കാർക്ക് ജീപ്പ് പോലുള്ള വാഹനം ഓടിക്കുന്നതിന് അനുമതി നൽകി, വാഹനം ഓടിക്കുന്നവരുടെ കുറവ് പരിഹരിക്കുന്ന തരത്തിൽ നിയമ നിർമ്മാണം നടത്താമോ എന്ന് വ്യക്തമാക്കാമോ? | ബി) | വകുപ്പിലെ വാഹനങ്ങൾ ഓടിക്കുന്നതിനും മറ്റുമായി ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ എന്ന തസ്തിക നിലവിലുള്ളതും ടി തസ്തികയിലേയ്ക്ക് നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തിവരുന്നതുമാണ്. ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിന് ഫയർമാൻ തസ്തികയിലെ ജീവനക്കാർക്ക് അനുമതി നൽകുന്ന കാര്യം സാഹചര്യം വിലയിരുത്തി പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ